## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *221 — 07.12.2018-ൽ മറുപടിക്ക്

### പട്ടികഗോത്രവർഗ്ഗക്കാർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>,, കെ.വി.വിജയദാസ്<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ. ആൻസലൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികഗോത്രവർഗ്ഗ പുനരധിവാസവും വികസനവും മിഷൻ (ടി.ആർ.ഡി.എം.) ഭൂമി വാങ്ങി അർഹരായ പട്ടികഗോത്ര വർഗ്ഗ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം ലാൻഡ് ബാങ്ക് രൂപീകരിക്കാനുള്ള പ്രവർത്തന ത്തിന്റെ പുരോഗതി അറിയിക്കാമോ; | എ) | ലാന്റ് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരെ കണ്ടെത്തുന്നതിന്, നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പത്രമാദ്ധ്യമങ്ങളി ലൂടേയും വെബ്സൈറ്റിലൂടേയും റവന്യൂ പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഓഫീസ് മുഖേനയും പ്രൊമോട്ടർമാർ മുഖേനയും മറ്റും വ്യാപക പ്രചാരണം നൽകി ഭൂഉടമകളിൽ നിന്നും ഓഫറുകൾ സ്വീകരിച്ചിട്ടുണ്ട്. കുറഞ്ഞത് ഒരേക്കർവരെ ഭൂമിയുള്ളവരുടെ ഓഫറു കളാണ് സ്വീകരിച്ചിട്ടുള്ളത്. ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുടേയും ഓഫറുകൾ ലഭിച്ചിട്ടുണ്ട്. അനിവാര്യമായി വരികയാണെങ്കിൽ മാത്രം ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുടെ അപേക്ഷകളും പരിഗണിക്കാ വുന്നതാണ്. അപ്രകാരം കണ്ണൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. കണ്ണൂർ ജില്ലയിലെ ആറളത്ത് വാസയോഗ്യമായ ഭൂമി വിതരണത്തിന് അവശേഷിക്കുന്നതിനാലും അട്ടപ്പാടിയിൽ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന നടപടി നടന്ന് വരുന്നതിനാലും പ്രസ്തുത പ്രദേശങ്ങളിൽ തൽക്കാലം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. അപ്രകാരം സംസ്ഥാന മൊട്ടാകെ 678 ഭൂഉടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, റേഞ്ച് ഓഫീസർ (വനവുമായി അതിർത്തി പങ്കിടുന്ന ഭൂമിയിൽ) എന്നിവരടങ്ങിയ ഒരു കമ്മിറ്റി ഭൂമി പരിശോധിച്ച് പ്രസ്തുത സ്ഥലം പുനരധിവാസത്തിന് വാങ്ങുവാൻ അനുയോജ്യ മാണോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ടി.ആർ.ഡി.എം/ജില്ലാ കളക്ടർക്ക് നൽകേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | ടി പ്രവർത്തനങ്ങൾ നടത്തിവരവേ ഉണ്ടായ മഹാപ്രളയത്തെത്തുടർന്ന് മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഫീൽഡ് പരിശോധനയ്ക്ക് ലഭിക്കാത്ത സാഹചര്യമുണ്ടായതിനാൽ പദ്ധതി ലക്ഷ്യമിട്ട പ്രകാരം ആദ്യഘട്ടം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ പദ്ധതിയുടെ ഭാഗമായ ആദ്യഘട്ട ഫീൽഡ് പരിശോധന ഊർജിതമായി നടന്ന് വരുന്നു. 01/12/2018 വരെ ആകെയുള്ള 678 അപേക്ഷകരുടെ ഭൂമിയിൽ 324 അപേക്ഷകരുടെ 712.29 ഏക്കർഭൂമി ആദ്യഘട്ട ഫീൽഡ് പരിശോധന പൂർത്തീകരിച്ചു. അതിൽ 161 അപേക്ഷകരുടെ 428.21 ഏക്കർ ഭൂമി അനുയോജ്യമെന്നും 202 അപേക്ഷകരുടെ 249.91 ഏക്കർ ഭൂമി അനുയോജ്യമല്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.<br><br>ജില്ലാമിഷന് സമർപ്പിച്ച 161 അപേക്ഷകരുടെ ഭൂമി ജില്ലാതല സ്ക്രൂട്ടണി കമ്മിറ്റി പരിശോധിച്ച് ഭൂമിയുടെ അനുയോജ്യത ഉറപ്പ് വരുത്തി വില നിശ്ചയിച്ച് വാങ്ങി വിതരണം ചെയ്യുന്ന നടപടി പുരോഗമിക്കുകയാണ്. വയനാട് ജില്ലയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 144 കുടുംബങ്ങളെ 10 സെന്റ് വീതം ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 24.39 ഏക്കർ ഭൂമി വിലയ്ക്കു വാങ്ങുന്നതിന് 6 കോടി രൂപ അനുവദിച്ചു. ടി ഭൂമി സർവ്വെ ചെയ്യുന്ന നടപടി നടന്ന് വരുന്നു. ഡിസംബർ മാസത്തിൽ ടി ഭൂമി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം ജില്ലാതലത്തിൽ നടന്ന് വരുന്നു. ടി കുടുംബങ്ങൾക്ക് ഇപ്പോൾ കൈവശമുള്ള ഭൂമി കൃഷി ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകൾ ഒരുമാസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടത്തി വരികയാണ്. |
| ബി) | വനാവകാശ നിയമപ്രകാരം പട്ടികഗോത്രവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് മുൻ എൽ.ഡി.എഫ് സർക്കാരും തുടർന്നുവന്ന യു.ഡി.എഫ് സർക്കാരും ഇപ്പോഴത്തെ സർക്കാരും ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | ബി) | വനാവകാശ നിയമം 2006 നിലവിൽ വന്നതുമുതൽ ഓരോ പട്ടികവർഗ്ഗകോളനികളിലും നിയമത്തിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം വനാവകാശ സമിതികൾ രൂപീകരിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരുകയും ഇപ്പോഴും വനാവകാശ രേഖകൾ വിതരണം ചെയ്തു വരുകയുമാണ്. സംസ്ഥാനമൊട്ടാകെ 598 വനാവകാശ കമ്മിറ്റികൾ നിലവിലുണ്ട്.<br><br>മുൻ LDF സർക്കാരിന്റെ കാലത്ത് (2006-2011) ലഭിച്ച 36123 അപേക്ഷകളിൽ 22443 എണ്ണം ഡി.എൽ.സി പാസ്സാക്കുകയും 16723 അപേക്ഷകൾക്ക് 20502 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുകയും ചെയ്തു.<br><br>മുൻ UDF സർക്കാരിന്റെ കാലത്ത് (2011-2016) 943 അപേക്ഷകൾ പുതിയതായി ലഭിക്കുകയും (2006-11)ലെ സർക്കാരിന്റെ കാലത്ത് സർവ്വേ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച 3375 എണ്ണം ഉൾപ്പെടെ ഡി.എൽ.സി പാസ്സാക്കുകയും 8222 അപേക്ഷകൾക്ക് 12571 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുകയും ചെയ്തു.<br><br>ഈ സർക്കാരിന്റെ കാലത്ത് (2016-ഒക്ടോബർ 2018) ലഭിച്ച 5593 അപേക്ഷകളിൽ 318 എണ്ണം ഡി.എൽ.സി പാസ്സാക്കുകയും 518 അപേക്ഷകൾക്ക് 998 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുകയും ചെയ്തു.<br><br>നാളിതുവരെയായി ആകെ ലഭിച്ച 42,659 അപേക്ഷകളിൽ 26,132 എണ്ണം ഡി.എൽ.സി പാസ്സാക്കുകയും 25,463 അപേക്ഷകൾക്ക് 34,070.88 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ആകെ 42659 അപേക്ഷകൾ വനാവകാശ രേഖയ്ക്കായി ലഭിച്ചതിൽ 25463 രേഖകൾ വിതരണം ചെയ്തിട്ടുണ്ട്. |
| സി) | പട്ടികഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഗോത്രരശ്മി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | സി) | ഇടുക്കി ജില്ലയിലെ ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ആരോഗ്യമുള്ളവരുമായും ജീവിക്കുക എന്നതാണ് പദ്ധതിയുടെ പ്രഥമലക്ഷ്യം. ജില്ലയിലെ ഗോത്രവിഭാഗങ്ങളായ മന്നാൻ, മുതുവാൻ, ഊരാളി, ഹിൽപ്പുലയ, പളിയർ തുടങ്ങിയ സമുദായത്തിലെ പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക തനിമ നിലനിറുത്തികൊണ്ട് സ്വയംതൊഴിൽ പരിശീലനത്തിലൂടെയും ജൈവകൃഷിയിലൂടെയും അനുബന്ധ തൊഴിൽ മേഖലകളിൽ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും കൂടാതെ, സാമൂഹ്യരാഷ്ട്രീയ നേതൃത്വ പരിശീലനത്തിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും തീരുമാനം എടുക്കൽ പ്രക്രിയകളിലേക്കും വിവിധ ഗോത്ര വിഭാഗങ്ങളിലെ യുവതീയുവാക്കളെ സജ്ജരാക്കുന്നതിനും ഗോത്രരശ്മി പദ്ധതി ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**